150 YEARS OF CELEBRATING THE MAHATMA

**രജിസ്ട്രേഷൻ വകുപ്പ്**
**കേരള രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറലിന്റെ നടപടിക്രമം**
**(ഹാജർ : ഇമ്പശേഖർ. കെ, ഐ.എ.എസ്)**

വിഷയം:- രജിസ്ട്രേഷൻ വകുപ്പ് - റിവ്യൂ ആന്റ് റിഫോംസ് - ഓഡിറ്റ് റിമാർക്കിന്മേൽ രജിസ്ട്രേഷൻ ഡെപ്യൂട്ടി ഇൻസ്പെക്ടർ ജനറൽ നൽകിയ ഉത്തരവിനെതിരെ സമർപ്പിച്ച അപ്പീൽ അപേക്ഷ - ഉത്തരവാകുന്നു.

പരാമർശം:- 1)തിരുവനന്തപുരം ജില്ലാ രജിസ്ട്രാർ (ഓഡിറ്റ്)ന്റെ എ (3) 884/17 നമ്പർ ഓഡിറ്റ് റിപ്പോർട്ട്

2) രജിസ്ട്രേഷൻ ഡി ഐ ജി ദക്ഷിണ മേഖല തിരുവനന്തപുരത്തിന്റെ 26.02.19 ലെ IRO(5)146/18 നമ്പർ ഉത്തരവ്.

3) സബ് രജിസ്ട്രാർ ശ്രീമതി സതികുമാരി ഉചിത മാർഗ്ഗേന സമർപ്പിച്ച അപ്പീൽ അപേക്ഷ.

**<u>ഉത്തരവ് നമ്പർ RR(2)12050/19 തിരുവനന്തപുരം തീയതി:30/09/2020</u>**

ശാസ്തമംഗലം സബ് രജിസ്ട്രാർ ഓഫീസിലെ പരാമർശം (1) ഓഡിറ്റ് റിപ്പോർട്ടിലെ പാർട്ട് എ ഇനങ്ങൾ I ൽ 2,5,7 എന്നിവയ്ക്ക് രജിസ്ട്രേഷൻ ഡി ഐ ജി ദക്ഷിണ മേഖല പരാമർശം (2) പ്രകാരം നൽകിയ ഉത്തരവിനെതിരെ ബന്ധപ്പെട്ട സബ് രജിസ്ട്രാർ പരാമർശം (3) പ്രകാരം അപ്പീൽ അപേക്ഷ സമർപ്പിച്ചിരിക്കുന്നു.

**ഇനം I ൽ (2)** ലെ റിമാർക്കിനാസ്പദമായ ആധാരം 146/16 നമ്പർ ക്ലുട്ടവകാശ ഒഴികുറി ആധാരമാണ്. ആധാരം പ്രകാരം കൈമാറുന്ന വസ്തു പ്രസന്ന കുമാറിന്റെ വകയായിരുന്നതും പ്രസന്നകുമാറിന്റെ മരണശേഷം വസ്തു അദ്ദേഹത്തിന്റെ പിൻതുടർച്ചാവകാശികളായ മാതാവ് സുഭദ്ര അമ്മ, ഭാര്യ ഹൈമാവതി എന്നവർക്കു ലഭിച്ചു. അപ്രകാരമുള്ള വസ്തുവിൽ ഭാര്യയുടെ അവകാശം മരണപ്പെട്ട ഭർത്താവിന്റെ അമ്മയുടെ പേർക്ക് എഴുതിക്കൊടുക്കുന്ന ആധാരമാണ് റിമാർക്കിനാസ്പദം . മരുകൾ അമ്മായിഅമ്മയുടെ പേർക്ക് എഴുതിക്കൊടുക്കുന്ന ആധാരം കുടുംബം എന്ന നിർവ്വചനത്തിൽ വരികയില്ല. ആയതിനാൽ കേരളാ മുദ്രപത്രപട്ടിക 48 (ബി) പ്രകാരമുള്ള മുദ്രവിലയും ഫീസും ഈടാക്കേണ്ടിയിരുന്നതായാണ് റിമാർക്ക്.

മരണപ്പെട്ട ഭർത്താവിന്റെ അനന്തരാവകാശിക്ക് എഴുതിക്കൊടുത്ത ക്ലുട്ടവകാശ ഒഴികുറി ആധാരത്തിന് മുദ്രപത്ര പട്ടിക 48(എ) പ്രകാരമുള്ള മുദ്രവില ചുമത്തിയാൽ മതി എന്ന് പരിഗണിച്ച് അപ്പീൽ അനുവദിക്കണമെന്ന് സബ് രജിസ്ട്രാർ അപേക്ഷിച്ചിരിക്കുന്നു.

മരുമകൾ അമ്മായിയമ്മയ്ക്ക് എഴുതിക്കൊടുക്കുന്ന ആധാരം മുദ്രപത്ര പട്ടിക 48(എ) യുടെ പരിധിയിൽ വരുന്നതല്ല. ആയതിനാൽ അപ്പീൽ നിരസിക്കാവുന്നതാണ് എന്ന് ജില്ലാ രജിസ്ട്രാറും, ഡി ഐ ജിയും പുനരഭിപ്രായപ്പെട്ടിരിക്കുന്നു.

റിമാർക്കും അതിനാസ്പദമായ ആധാരവും സബ് രജിസ്ട്രാറുടെ വിശദീകരണവും ജില്ലാ രജിസ്ട്രാറുടേയും ഡി ഐ ജിയുടേയും പുനരഭിപ്രായവും വിശദമായി പരിശോധിച്ചതിൽ റിമാർക്കിലും ജില്ലാ രജിസ്ട്രാറുടേയും ഡി ഐ ജിയുടേയും പുനരഭിപ്രായത്തിലും വിവരിച്ചിരിക്കുന്നത് പോലെ ഭാര്യ മരണപ്പെട്ട ഭർത്താവിന്റെ അമ്മയുടെ പേരിൽ എഴുതികൊടുക്കുന്ന കൂട്ടവകാശ ഒഴികുറി ആധാരം മുദ്രപത്ര പട്ടിക 48(എ) യുടെ പരിധിയിൽ വരുന്നതല്ല. **ആയതിനാൽ ഇനം (2) ന് അപ്പീൽ നിരസിച്ച് ഇതിനാൽ ഉത്തരവാകുന്നു.**

**ഇനം I ൽ (5)** റിമാർക്കിനാസ്പദമായ ആധാരം 492/16 നമ്പർ ധനനിശ്ചയ ആധാരമാണ്. കുടുംബാംഗങ്ങൾക്കിടയിലുള്ള ടി ധനനിശ്ചയ ആധാരത്തിലൂടെ രണ്ടു പട്ടികകളായി രണ്ടു പേർക്ക് വസ്തു നൽകിയിരിക്കുന്നു . ആയത് രണ്ട് ധനനിശ്ചയ ആധാരമായി കണക്കാക്കി രണ്ട് മുദ്രവിലയ്ക്കു തുല്യമായ 2000 രൂപ ഈടാക്കണമായിരുന്നു എന്നതാണ് റിമാർക്ക്. കുറവ് മുദ്ര 1000 രൂപ

**ഇനം I ൽ (7)** ലെ റിമാർക്കിനാസ്പദമായ ആധാരം 1778/16 നമ്പർ ധനനിശ്ചയ ആധാരമാണ്. കുടുംബാംഗങ്ങൾക്കിടയിലുള്ള ടി ധനനിശ്ച ആധാരത്തിലൂടെ ആറ് പട്ടികകളായി ആറു പേർക്ക് വസ്തു നൽകിയിരിക്കുന്നു . ആയത് ആറ് ധനനിശ്ചയ ആധാരമായി കണക്കാക്കി ആറ് മുദ്രവിലയ്ക്കു തുല്യമായ 6000 രൂപ ഈടാക്കണമായിരുന്നു എന്നതാണ് റിമാർക്ക്

കേരളാ മുദ്രപത്ര നിയമം 2(q)ൽ വിവരിച്ചിരിക്കുന്ന ധനനിശ്ചയ ആധാരത്തിന് കേരളാ മുദ്രപത്ര നിയമം 51 (എ) അനുസരിച്ച് കരണങ്ങളിൽ കാണിച്ചിട്ടുള്ള സകല വസ്തുക്കളുടേയും മൂല്യത്തിന് അതിന്റെ നൂറ് രൂപയ്ക്കോ അതിന്റെ ഭാഗത്തിനോ രണ്ടു രൂപാ നിരക്കിൽ പരാമവധി 1000 രൂപ മുദ്രവില ചുമത്തിയാൽ മതിയാകുന്നതാണ്. കൂടാതെ റിമാർക്കിന് യാതൊരു നിയമപിൻബലവും ഇല്ലാതെയാണ് വിവരിച്ചിരിക്കുന്നത് എന്ന് കാണാവുന്നതാണ്. ആയതിനാൽ വിശദീകരണം സ്വീകരിച്ച് അപ്പീൽ അനുവദിക്കണമെന്ന് സബ് രജിസ്ട്രാർ അപേക്ഷിച്ചിരിക്കുന്നു.

ഒന്നിലധികം പേർക്ക് ഒന്നിലധികം പട്ടികകളായി നൽകുന്ന ധനനിശ്ചയ ആധാരം ഒന്നിലധികം ധനനിശ്ചയ ആധാരമായി കണക്കാക്കി പരാമവധി 1000 രൂപ നിരക്കിൽ ഓരോന്നിനും 1000 രൂപ വീതം മുദ്രവില ഈടാക്കണമെന്ന റിമാർക്ക് നിലനിൽക്കുന്നതായും അപ്പീൽ നിരസിക്കാവുന്നതാണ് എന്നും ജില്ലാ രജിസ്ട്രാർ പുനരഭിപ്രായപ്പെട്ടിരിക്കുന്നു.

കേരളാ മുദ്രപത്ര നിയമം സെക്ഷൻ 5 അനുസരിച്ച് ഒന്നിലധികം

കരണങ്ങൾക്കുള്ള മുദ്രവില ഈടാക്കണമെന്ന് ഡി ഐ ജി പുനരഭിപ്രായപ്പെട്ടിരിക്കുന്നു.

റിമാർക്കും ജില്ലാ രജിസ്ട്രാറുടേയും ഡി ഐ ജിയുടേയും പുനരഭിപ്രായവും സബ് രജിസ്ട്രാറുടെ വിശദീകരണവും പരിശോധിച്ചതിൽ ഒരു ധനനിശ്ചയ ആധാരത്തിന് മുദ്രപത്ര പട്ടിക 51 എ അനുസരിച്ച് ആധാരത്തിലെ ഒട്ടാകെയുള്ള തുകയ്ക്ക് 100 രൂപയ്ക്ക് രണ്ടു രൂപ നിരക്കിൽ പരമാവധി 1000 രൂപ മുദ്രവില ചുമത്തിയാൽ മതിയാകുന്നതാണ് എന്ന സബ് രജിസ്ട്രാറുടെ വിശദീകരണം ശരിയാണ് എന്ന് കാണുന്നു. കേരളാ മുദ്രപത്ര പട്ടിക 51 എ യിലെ കുടുംബാംഗങ്ങൾക്കിടയിലുള്ള ധനനിശ്ചയ ആധാരത്തിന് എതിരെ ചേർത്തിരിക്കുന്ന മുദ്രവില വിവരണത്തിൽ ഇപ്രകാരമാണ് ചേർത്തിരിക്കുന്നത്. Two rupees for every rupees 100 or part thereof of the fair value of the land and the value of other properties set forth **in the instrument** or the value of all properties set forth **in such instrument,** whichever is higher , **subject to a maximum of rupees 1000** എന്നാണ്. റിമാർക്കുകൾക്കാസ്പദമായ ധനനിശ്ചയാധാരം ഒരു കരണം (instrument) മാത്രമാണ്. ആയതിന് മേൽപ്രകാരം പരമാവധി 1000 രൂപ മുദ്രവില ചുമത്തിയാൽ മതിയാകുന്നതാണ് **ആയതിനാൽ ഇനം (5) (7) എന്നിവയ്ക്ക് അപ്പീൽ അനുവദിച്ച് ഇതിനാൽ ഉത്തരവാകുന്നു.**

Signature valid

Digitally signed by INBASEKAR K IAS
Date: 2020.09.30 08:37:14 IST
Reason: Approved

രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറൽ

പകർപ്പ്

1)ശ്രീമതി ജി സതികുമാരി (അമാൽഗമേറ്റഡ് സബ് രജിസ്ട്രാർ ഇടുക്കി)
(തിരുവനന്തപുരം ജില്ലാ രജിസ്ട്രാർ (ഓഡിറ്റ്) മുഖാന്തിരം)

2)രജിസ്ട്രേഷൻ ഡി ഐ ജി ദക്ഷിണ മേഖല, തിരുവനന്തപുരം

3)ജില്ലാ രജിസ്ട്രാർ (ഓഡിറ്റ്) തിരുവനന്തപുരം

4)സബ് രജിസ്ട്രാർ, ശാസ്തമംഗലം

5)ഫയൽ / സ്റ്റോക്ക് ഫയൽ